Kerala Gazette No. 50 dated 10th December 1957.

1957-ലെ 42-ാം നമ്പർ എൽ. എ. ബിൽ.

പരസ്യം.

നമ്പർ എൽ. എ. 4-1539/57. 1957 നവംബർ 22.

അസംബ്ലിയുടെ നടപടിക്രമവും, കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 73-ാം ചട്ടപ്രകാരം താഴെ പറയുന്ന ബിൽ ഉദ്ദേശകാരണങ്ങളുടെ വിവരണത്തോടുകൂടി സ്പീക്കരുടെ ആജ്ഞാനുസരണം പ്രസിദ്ധപ്പെടുത്തുന്നു.

വി. കൃഷ്ണമൂർത്തി,
സെക്രട്ടറി,
ലജിസ്ലേറ്റീവ് അസംബ്ലി.

ലജിസ്ലേച്ചർ സെക്രട്ടേറിയററ്,
തിരുവനന്തപുരം.

1957-ലെ കേരള പുനർ നിയമനിർമ്മാണ ബിൽ

രാഷ്ട്രപതിയുടെ ചില ആക്ടുകളെ വീണ്ടും നിയമമാക്കുന്നതിനുള്ള ഒരു ബിൽ.

പീഠിക.—രാഷ്ട്രപതിയുടെ ചില ആക്ടുകളെ വീണ്ടും നിയമമാക്കിക്കൊണ്ടുള്ള 1957-ലെ കേരള പുനർ നിയമനിർമ്മാണ ആർഡിനൻസിനു പകരം (1957-ലെ 6-ാം നമ്പർ ആർഡിനൻസ്) നിയമസഭയുടെ ഒരു ആക്ററ് കൊണ്ടുവരേണ്ടതു് ആവശ്യമായിരിക്കയാൽ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ എട്ടാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കിയിരിക്കുന്നു:—

1. ചുരുക്കപ്പേരും ആരംഭവും.—(1) ഈ ആക്ടിനു 1957-ലെ കേരള പുനർ നിയമനിർമ്മാണ ആക്ററ് എന്നു പേർ പറയാം.

(2) ഇതു ഉടനെതന്നെ നടപ്പിൽ വരുന്നതാണ്.

2. ആക്ടുകളെ വീണ്ടും നിയമമാക്കിത്തീർക്കൽ.—പട്ടികയിൽ പറഞ്ഞ ആക്ടുകളെ 3-ാം വകുപ്പിലും, പട്ടികയുടെ നാലാം കള്ളിയിലും പറഞ്ഞിട്ടുള്ള ഭേദഗതികളോടുകൂടി, ഇതിനാൽ വീണ്ടും നിയമമാക്കിത്തീർത്തിരിക്കുന്നു.

3. ആക്ടുകൾക്കുള്ള ഭേദഗതികൾ.—(1) പട്ടികയിൽ പറഞ്ഞിട്ടുള്ള ആക്ടുകളിൽ ഓരോന്നിന്റെയും നീണ്ട തലവാചകത്തിനു മുമ്പുകാണുന്ന "ഇന്ത്യൻ റിപ്പബ്ലിക്കിന്റെ 7-ാം സംവത്സരത്തിൽ രാഷ്ട്രപതി നിയമപ്പെടുത്തിയതു്" എന്ന വാക്കുകൾ വിട്ടുകളയണം.

(2) പട്ടികയിൽ പറഞ്ഞിട്ടുള്ള ആക്ടുകളിൽ ഓരോന്നിന്റെയും 1-ാം വകുപ്പിനു മുമ്പേ കാണുന്ന "1956-ലെ, . . ." എന്നു തുടങ്ങി "രാഷ്ട്രപതി താഴെ പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു" എന്നവസാനിക്കുന്നതുവരെയുള്ള വാക്കുകൾ വിട്ടുകളയണം.

4. റദ്ദാക്കൽ.—1957-ലെ കേരള പുനർ നിയമനിർമ്മാണ ആർഡിനൻസ് (1957-ലെ 6-ാം നമ്പർ) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

പട്ടിക.

(രണ്ടാം വകുപ്പു നോക്കുക).

വർഷം (1)	നമ്പർ (2)	ചുരുക്കപ്പേര് (3)	ഭേദഗതികൾ (4)
1956	1	1956-ലെ തിരുവിതാംകൂർ-കൊച്ചി സംസ്ഥാന വ്യവസായ സഹായ (ഭേദഗതി) ആക്ററ്.	ഒന്നാം വകുപ്പിനു മുമ്പേ താഴെ പറയുന്ന ഉപക്രമം ചേർക്കണം, അതായതു്:— "പീഠിക.—1952-ലെ തിരുവിതാംകൂർ-കൊച്ചി സംസ്ഥാന വ്യവസായ സഹായ ആക്ററ്, ഇതിനു ശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യേണ്ടതു് യുക്തമായിരിക്കയാൽ; താഴെ പറയുംപ്രകാരം നിയമമുണ്ടാക്കിയിരിക്കുന്നു:—"

വർഷം (1)	നമ്പർ (2)	ചുരുക്കപ്പേര് (3)	ഭേദഗതികൾ (4)
1956	2	1956-ലെ തിരുവിതാംകൂർ-കൊച്ചി കാർഷിക കീടബാധാരോഗ (ഭേദഗതി) ആക്റ്റ്.	1-ാം വകുപ്പിനു മുമ്പെ, താഴെ പറയുന്നതു ചേർക്കണം; അതായതു്:— "പീഠിക.—1955-ലെ തിരുവിതാംകൂർ-കൊച്ചി കാർഷിക കീടബാധാരോഗ ആക്റ്റ് ഇതിനു ശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നതു് യുക്തമായിരിക്കയാൽ; താഴെ പറയുംപ്രകാരം നിയമമുണ്ടാക്കിയിരിക്കുന്നു.;—"
1956	3	1956-ലെ തിരുവിതാംകൂർ-കൊച്ചി കർഷക ഋണാശ്വാസ ആക്റ്റ്.	1-ാം വകുപ്പിനുമുമ്പെ താഴെ പറയുന്നതുചേർക്കണം; അതായതു്:— "പീഠിക.—തിരുവിതാംകൂർ-കൊച്ചിയിലെ ഋണബാധിതരായ കർഷകർക്കു് ആശ്വാസം നൽകുന്നതു് യുക്തമായിരിക്കയാൽ, താഴെപറയും പ്രകാരം നിയമമുണ്ടാക്കിയിരിക്കുന്നു;—"
1956	4	1956-ലെ തിരുവിതാംകൂർ-കൊച്ചി ഭൂസംരക്ഷണ (ഭേദഗതി) ആക്റ്റ്.	1-ാം വകുപ്പിനുമുമ്പെ താഴെ പറയുന്നതു് ചേർക്കണം; അതായതു്:— "പീഠിക.—1951-ലെ തിരുവിതാംകൂർ-കൊച്ചി ഭൂസംരക്ഷണ ആക്റ്റ് ഇതിനു ശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നതു് യുക്തമായിരിക്കയാൽ, താഴെ പറയും പ്രകാരം നിയമമുണ്ടാക്കിയിരിക്കുന്നു;—"
1956	5	1956-ലെ തിരുവിതാംകൂർ-കൊച്ചി പോലീസ് (ഭേദഗതി) ആക്റ്റ്.	1-ാം വകുപ്പിനു മുമ്പെ താഴെ പറയുന്നതു ചേർക്കണം. അതായതു്:— "പീഠിക.—1951-ലെ തിരുവിതാംകൂർ-കൊച്ചി പോലീസ് ആക്റ്റ് ഇതിനു ശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നതു് യുക്തമായിരിക്കയാൽ; താഴെ പറയും പ്രകാരം നിയമമുണ്ടാക്കിയിരിക്കുന്നു.—"
1956	7	1957-ലെ തിരുവിതാംകൂർ-കൊച്ചി ജലസേചന (ഭേദഗതി) ആക്റ്റിനാൽ (1957-ലെ 16-ാം ആക്റ്റ്) ഭേദഗതിചെയ്ത പ്രകാരമുള്ള 1956-ലെ തിരുവിതാംകൂർ-കൊച്ചി ജലസേചന ആക്റ്റ്.	1-ാം വകുപ്പിനു മുമ്പെ താഴെപറയുന്നതു ചേർക്കണം; അതായതു്:— "പീഠിക.—ജലസേചന പണികൾ നിർമ്മിക്കുകയും അവയുടെ കേടുപാടുകൾ തീർക്കുകയും, അവ സംരക്ഷിക്കുകയും ചെയ്യുന്നതിനും ജലസേചന ആവശ്യങ്ങൾക്കായി ജലം സംഭരിക്കുകയും വിതരണം

പട്ടിക—(തുടർച്ച.)

(രണ്ടാം വകുപ്പു നോക്കുക.)

വർഷം (1)	നമ്പർ (2)	ചുരുക്കപ്പേരു് (3)	ഭേദഗതികൾ (4)
			ചെയ്യുകയും, അടിവൃദ്ധി അംശാദായവും ജലവരിയും ചുമത്തുകയും ചെയ്യുന്നതിനും വ്യവസ്ഥ ചെയ്യുന്നതു് യുക്തമായിരിക്കയാൽ; താഴെ പറയും പ്രകാരം നിയമമുണ്ടാക്കിയിരിക്കുന്നു:—" 2. 41-ാം വകുപ്പിനുശേഷം താഴെ പറയുന്ന പുതിയ വകുപ്പു ചേർക്കണം; അതായതു്:— "41. (എ) ജലസേചനവരി ചുമത്തിയതു് സാധുവാക്കൽ.— ഈ ആക്റ്റു് പ്രകാരമോ അല്ലെങ്കിൽ ഈ ആക്റ്റിനാൽ റദ്ദാക്കപ്പെട്ട 1111-ലെ 8-ാം കൊച്ചി ജലസേചന ആക്റ്റു് പ്രകാരമോ, വല്ല ജലസേചനവരിയും ചുമത്തിയതിന്റെ സാധുതയെപ്പററി, വരി ചുമത്തപ്പെട്ട ഭൂമികൾക്കു് ഗുണാനുഭവം നൽകുന്ന ജലസേചനപ്പണികൾ നിർമ്മിക്കുന്നതിൽ, മേൽപ്പറഞ്ഞ ആക്റ്റുകളിൽ അതിനു വ്യവസ്ഥ ചെയ്ത നടപടിക്രമം അനുസരിച്ചില്ലെന്നോ, അല്ലെങ്കിൽ മേൽപ്പറഞ്ഞ കൊച്ചി ജലസേചന ആക്റ്റനുസരിച്ചു് ആവശ്യമായിരുന്ന പ്രകാരം ജലസേചനപ്പണികളുടെ പേരുകൾ പരസ്യപ്പെടുത്തിയിരുന്നില്ലെന്നോ ഉള്ള കാരണത്തിന്മേൽ യാതൊരു നിയമക്കോടതിയിലും ചോദ്യം ചെയ്യാൻ പാടില്ലാത്തതും, അങ്ങനെ ചുമത്തുകയും, വസൂലാക്കിയിട്ടില്ലാത്തതുമായ താങ്ങിനെയുള്ള ഏതൊരു വരിയും, 1951-ലെ തിരുവിതാംകൂർ-കൊച്ചി നികുതി വസൂൽ ആക്റ്റു പ്രകാരം ഭൂനികുതികുടിശ്ശിക എന്നപോലെ വസൂലാക്കേണ്ടതുമാകുന്നു."
1956	9	1956-ലെ മുനിസിപ്പൽ (ഭേദഗതി) ആക്റ്റു്.	1-ാം വകുപ്പിനു മുമ്പേ താഴെ പറയുന്നതു ചേർക്കണം, അതായതു്:— "പീഠിക.— 1116-ലെ തിരുവനന്തപുരം സിററി മുനിസിപ്പാലിററി ആക്റ്റും, തിരുവിതാംകൂർ ഡിസ്ട്രിക്റ്റ് മുനിസിപ്പാലിററി ആക്റ്റും, 1113-ലെ 18-ാമതു കൊച്ചി മുനിസിപ്പൽ ആക്റ്റും, ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഇനിയും ഭേദഗതി ചെയ്യുന്നതു് യുക്തമായിരിക്കയാൽ; താഴെ പറയുംപ്രകാരം നിയമമുണ്ടാക്കിയിരിക്കുന്നു:—"

പട്ടിക—(തുടർച്ച)

(രണ്ടാം വകുപ്പ് നോക്കുക.)

വർഷം (1)	നമ്പർ (2)	ചുരുക്കപ്പേര് (3)	ഭേദഗതികൾ (4)
1956	10	1956-ലെ തിരുവിതാംകൂർ-കൊച്ചി കുടിയാൻ ദേഹണ്ഡപ്രതിഫലആക്ട്.	1-ാം വകുപ്പിനു മുമ്പെ താഴെ പറയുന്നതു ചേർക്കണം, അതായതു്:— "പീഠിക.— തിരുവിതാംകൂർ-കൊച്ചിയിൽ കുടിയാന്മാർ ഉണ്ടാക്കിയ ദേഹണ്ഡങ്ങൾക്ക് പ്രതിഫലം നൽകുന്നതിനു വ്യവസ്ഥ ചെയ്യുന്നതു് യുക്തമായിരിക്കയാൽ; താഴെ പറയുംപ്രകാരം നിയമമുണ്ടാക്കിയിരിക്കുന്നു:—"
1956	11	1956-ലെ തിരുവിതാംകൂർ-കൊച്ചി കക്ക (നിയന്ത്രണ) ആക്ട്.	1-ാം വകുപ്പിനു മുമ്പെ താഴെ പറയുന്നതു് ചേർക്കണം, അതായതു്:— "പീഠിക.— തിരുവിതാംകൂർ-കൊച്ചിയിൽ കക്ക വാരുകയും, വില്ക്കുകയും കൊണ്ടുപോകുകയും, വിതരണം ചെയ്യുകയും ചെയ്യുന്നതു് നിയന്ത്രിക്കുവാൻ വ്യവസ്ഥ ചെയ്യുന്നതു് യുക്തമായിരിക്കയാൽ; താഴെ പറയുംപ്രകാരം നിയമമുണ്ടാക്കിയിരിക്കുന്നു:—"

ഉദ്ദേശകാരണങ്ങളുടെ വിവരണം.

മുമ്പത്തെ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനം, രാഷ്ട്രപതിയുടെ ഭരണത്തിൻകീഴിലായിരുന്ന കാലത്തു്, 1956-ലെ തിരുവിതാംകൂർ-കൊച്ചി സംസ്ഥാന നിയമസഭ (അധികാരം ഏല്പിച്ചുകൊടുക്കൽ) ആക്ട് അനുസരിച്ചു്, പാർലമെന്റ് തനിക്കു നൽകിയ അധികാരങ്ങൾ ഹേതുവായി, രാഷ്ട്രപതി ആ സംസ്ഥാനത്തിനുവേണ്ടി ചില നിയമങ്ങൾ ഉണ്ടാക്കിയിരുന്നു. അപ്രകാരം നിയമമാക്കിയ 11 ആക്ടുകളിൽ, 1956-ലെ കൈവശഭൂമി (വിധിനടത്തു നടപടികൾ നിറുത്തിവയ്ക്കൽ) രണ്ടാം ഭേദഗതി ആക്ട് 1957-ലെ കേരള കുടിയൊഴിപ്പിക്കൽ നടപടി നിറുത്തിവയ്ക്കൽ ആർഡിനൻസിനാൽ റദ്ദാക്കപ്പെടുകയും, 1956-ലെ തിരുവിതാംകൂർ-കൊച്ചി വ്യാഖ്യാനവും സാമാന്യവാചകഖണ്ഡങ്ങളും (ഭേദഗതി) ആക്ട് 1957-ലെ തിരുവിതാംകൂർ-കൊച്ചി വ്യാഖ്യാനവും സാമാന്യ വാചകഖണ്ഡങ്ങളും (ഭേദഗതി) ആക്ടിനാൽ ദുർബ്ബലമാക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

ഭരണഘടന 357 (2)-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം ബാക്കിയുള്ള 9 ആക്ടുകളുടെ കാലാവധി 1957 നവംബർ 1-ാം തീയതിക്ക്, അതായതു് തിരുവിതാംകൂർ-കൊച്ചിയിൽ രാഷ്ട്രപതിയുടെ ഭരണം അവസാനിച്ചതിനു ശേഷം ഒരു കൊല്ലം കഴിയുന്ന തീയതിക്ക് അവസാനിക്കേണ്ടതായിരുന്നു. ഈ ആക്ടുകളെ വീണ്ടും നിയമമാക്കിത്തീർക്കുന്നതിനു് ഗവർണ്ണർ 1957-ലെ കേരള പുനർനിയമനിർമ്മാണ ആർഡിനൻസ് വിളംബരപ്പെടുത്തുകയുണ്ടായി. അതു് 1957-ലെ 6-ാം നമ്പർ ആർഡിനൻസായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ആ ആർഡിനൻസിനു പകരം നിയമസഭയുടെ ഒരു ആക്ട് കൊണ്ടുവരുന്നതിനാണ് ഈ ബിൽ കൊണ്ടുദ്ദേശിച്ചിട്ടുള്ളതു്. 1956-ലെ തിരുവിതാംകൂർ-കൊച്ചി ജലസേചന ആക്ടിലെയോ, 1111-ലെ 8-ാം കൊച്ചി ജലസേചനആക്ടിലെയോ ചില വ്യവസ്ഥകൾ അനുസരിക്കാതിരുന്നതുകൊണ്ട് മുമ്പുതന്നെ വരി ചുമത്തിയതിനെ സംബന്ധിച്ചുള്ള സംശയങ്ങൾ നീക്കം ചെയ്യുന്നതിനു് ഒരു വ്യവസ്ഥ ഉൾക്കൊള്ളിക്കുവാനും സന്ദർഭം വിനിയോഗിച്ചിട്ടുണ്ട്.

വി. ആർ. കൃഷ്ണയ്യർ.

(A true translation)

C. H. KUNHI RAMAN,
For Head Translator to Government

Kerala Gazette No. 50 dated 10th December 1957.

PART II

1957-ലെ 43-ാം നമ്പർ എൽ. എ. ബിൽ:

പരസ്യം.

നമ്പർ എൽ. എ. 4-1538/57. 1957 നവംബർ 22.

അസംബ്ലിയുടെ നടപടിക്രമവും, കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 73-ാം ചട്ടപ്രകാരം, താഴെപ്പറയുന്നബിൽ അതോടു ചേർക്കപ്പെട്ടഉദ്ദേശകാരണങ്ങളുടെ വിവരണവും ധനകാര്യമെമ്മോറാണ്ടവും സഹിതം, സ്പീക്കരുടെ ആജ്ഞാനുസരണം പ്രസിദ്ധപ്പെടുത്തുന്നു.

ലെജിസ്ലേച്ചർ സെക്രട്ടേറിയററ്,
തിരുവനന്തപുരം.

വി. കൃഷ്ണമൂർത്തി,
സെക്രട്ടറി,
ലെജിസ്ലേററിവ് അസംബ്ലി.

1957-ലെ ജന്മിക്കരം കൊടുക്കുന്നതു (നിറുത്തൽ ചെയ്യൽ) ബിൽ.

1071-ലെ തിരുവിതാംകൂർ ജന്മി-കുടിയാൻ ആക്ററ്പ്രകാരം കൊടുക്കേണ്ടതായ ജന്മിക്കരം നിറുത്തൽ ചെയ്യാനുള്ള ഒരു ബിൽ:—

പീഠിക.—1071-ലെ തിരുവിതാംകൂർ ജന്മി-കുടിയാൻ ആക്ററ് പ്രകാരം ജന്മികൾക്കു തുടർച്ചയായും കാലംതോറും കൊടുക്കേണ്ടതായ ജന്മിക്കരം നിറുത്തൽ ചെയ്യുകയും, ജന്മികൾക്കു കാലംതോറും അങ്ങനെ കൊടുക്കേണ്ടതായ പണത്തിനു പകരം ഒരു മൊത്തത്തുക നഷ്ടപ്രതിഫലമായി കൊടുക്കുന്നതിനു വ്യവസ്ഥ ചെയ്യുകയും, അപ്രകാരം കുടിയാന്മാർക്കു അവരുടെ കൈവശഭൂമികളിന്മേൽ പൂർണ്ണഉടമാവകാശങ്ങൾ നൽകുകയും ചെയ്യേണ്ടതു പൊതുതാല്പര്യാർത്ഥവും അതോടു ബന്ധപ്പെട്ട മററു കാര്യങ്ങൾക്കു വേണ്ടിയും ആവശ്യമായിരിക്കയാൽ; ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ എട്ടാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കിയിരിക്കുന്നു:—

1-ാം അദ്ധ്യായം.

പ്രാരംഭം.

1. ചുരുക്കപ്പേരും, വ്യാപ്തിയും, ആരംഭവും.—(1) ഈ ആക്ററിന്നു 1957-ലെ ജന്മിക്കരം കൊടുക്കുന്നതു (നിറുത്തൽ ചെയ്യൽ) ആക്ററ് എന്നു പേർ പറയാം.

(2) ഇതിന്നു തിരുവിതാംകൂർ ഒട്ടാകെ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇതു ഗസററിൽ പരസ്യംമൂലം ഗവണ്മെൻറ് നിശ്ചയിക്കാവുന്ന തീയതിക്കു നടപ്പിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്ററിൽ, സന്ദർഭത്തിനു മററു വിധത്തിൽ ആവശ്യമില്ലാത്തപക്ഷം,—

(എ) "നിശ്ചയിക്കപ്പെട്ട ദിവസം" എന്നതിന്നു ആക്ററ് നടപ്പിൽ വരുന്ന ദിവസം എന്നർത്ഥമാകുന്നു;

(ബി) "നഷ്ടപ്രതിഫല ഉദ്യോഗസ്ഥൻ" എന്നതിനു 21-ാം വകുപ്പു പ്രകാരം നിയമിക്കപ്പെട്ട ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(സി) "ജന്മഭൂമി", "ജന്മി", "കുടിയാൻ", "കാണപ്പാട്ടം", "ജന്മിക്കരം", "കൈവശഭൂമി" എന്നിവക്കു 1071-ലെ തിരുവിതാംകൂർ ജന്മി-കുടിയാൻ ആക്ററിലെ അതേ അർത്ഥം തന്നെ ഉണ്ടായിരിക്കുന്നതാണ്.

(ഡി) "നിർണ്ണയിക്കപ്പെട്ട" എന്നതിന്നു ഈ ആക്ററ് പ്രകാരമുള്ള ചട്ടങ്ങളിൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഇ) "ജന്മിക്കരങ്ങളുടെ രജിസ്റ്റർ" എന്നതിനു 1071-ലെ തിരുവിതാംകൂർ ജന്മി-കുടിയാൻ ആക്ററിലെ 40 (ബി) എന്ന വകുപ്പിൽ പരാമർശിക്കപ്പെട്ട ജന്മിക്കരങ്ങളുടെ രജിസ്റ്റർ എന്നർത്ഥമാകുന്നു,

2-ാം അദ്ധ്യായം.

ജന്മിക്കരം നിറുത്തൽ ചെയ്യുകയും ജന്മികൾക്കു നഷ്ടപ്രതിഫലം കൊടുക്കുകയും ചെയ്യൽ.

3. <u>ജന്മിക്കരം നിർത്തൽ ചെയ്യുന്നതാണെന്ന്.</u>—(1) ഈ ആക്റ്റ് നടപ്പിൽ വരുന്നതു മുതൽക്കും, അതിനുശേഷവും, തൽക്കാലം നടപ്പിലുള്ള ഏതെങ്കിലും നിയമത്തിലോ, കരാറിലോ എന്തു തന്നെ അടങ്ങിയിരുന്നാൽ കൂടി, ജന്മിക്കു ജന്മിക്കരം സ്വീകരിപ്പാനുള്ള അവകാശമുണ്ടായിരിക്കാത്തതും, കുടിയാനു യാതൊരു ജന്മിക്കരവും ജന്മിക്കു കൊടുക്കാൻ ബാദ്ധ്യതയില്ലാതിരിക്കുന്നതുമാണ്. ജന്മിക്കരം സ്വീകരിക്കുവാനുള്ള അവകാശവും, അതു കൊടുക്കുവാനുള്ള ബാദ്ധ്യതയും ഇല്ലാതാക്കേണ്ടതുമാകുന്നു;

(2) ഏതു ജന്മിയുടെ ജന്മിക്കരം സ്വീകരിക്കുന്നതിനുള്ള അവകാശം (1)-ാം ഉപവകുപ്പുപ്രകാരം ഇല്ലാതാക്കപ്പെട്ടിരിക്കുന്നുവോ അങ്ങനെയുള്ള ഏതൊരു ജന്മിക്കും ഇതിനുശേഷം വ്യവസ്ഥ ചെയ്ത പ്രകാരം ഗവണ്മെന്റിൽ നിന്നു പ്രതിഫലം വാങ്ങുവാനും കൊടുക്കപ്പെടുവാനും അവകാശം ഉണ്ടായിരിക്കുന്നതാണ്.

4. <u>കൊടുക്കേണ്ട നഷ്ടപ്രതിഫലസംഖ്യ.</u>—ഏതു ജന്മിയുടെ ജന്മിക്കരം സ്വീകരിക്കുന്നതിനുള്ള അവകാശം ഇല്ലാതാക്കപ്പെട്ടിരിക്കുന്നുവോ അങ്ങനെയുള്ള ഏതൊരു ജന്മിക്കും ഗവണ്മെന്റ് പട്ടികയിൽ പറഞ്ഞ തോതുകളനുസരിച്ച് നഷ്ടപ്രതിഫലം കൊടുക്കേണ്ടതാണ്. കൊടുക്കേണ്ടതായ നഷ്ട പ്രതിഫലം കണക്കാക്കുമ്പോൾ പിരിക്കുന്നതിനുള്ള ചെലവുകൾ ജന്മിക്കരത്തിൽനിന്നു കിഴിക്കേണ്ടതും, ബാക്കിയെ മാത്രം പട്ടികയിൽ വ്യവസ്ഥ ചെയ്തപ്രകാരം ഗുണിക്കേണ്ടതുമാണ്. മേൽപ്പറഞ്ഞ തോതനുസരിച്ചു നിർണ്ണയിക്കപ്പെട്ട നഷ്ടപ്രതിഫലസംഖ്യ നിശ്ചയിക്കപ്പെട്ട ദിവസം മുതൽക്കു കൊടുക്കേണ്ടതായിത്തീർന്നതായി കരുതേണ്ടതും, നഷ്ടപ്രതിഫലസംഖ്യ പണമായി കൊടുക്കുന്നുവെങ്കിൽ നഷ്ടപ്രതിഫലം കൊടുക്കുന്ന തീയതിവരെയോ അല്ലെങ്കിൽ നഷ്ടപ്രതിഫലം ഗവണ്മെന്റു ബാണ്ടുകളായി കൊടുക്കുന്നുവെങ്കിൽ ബാണ്ടുകൾ വീണ്ടെടുക്കുന്ന തീയതി വരെയോ, അതിന്മേൽ നിശ്ചയിക്കപ്പെട്ട തീയതി മുതൽക്കു പ്രതിവർഷം 4 ശതമാനമെന്ന നിരക്കിൽ പലിശ കൊടുക്കേണ്ടതുമാണ്.

5. <u>നഷ്ടപ്രതിഫലം പണമായോ, ബാണ്ടുകളായോ കൊടുക്കേണ്ടതാണെന്ന്.</u>—4-ാം വകുപ്പു പ്രകാരം കൊടുക്കേണ്ടതായ നഷ്ടപ്രതിഫലം നിർണ്ണയിക്കപ്പെടാവുന്നപ്രകാരം രൊക്കം പണമായോ, അല്ലെങ്കിൽ പ്രതിവർഷം നാലു ശതമാനം പലിശയുള്ളതും, ബാണ്ടുകൾ കൊടുക്കുന്ന തീയതി മുതല്ക്കു ആറു വർഷം കഴിഞ്ഞാൽ വീണ്ടെടുക്കാവുന്നതുമായ ഗവണ്മെന്റു ബാണ്ടുകളായോ, അല്ലെങ്കിൽ ഏതാനും പണമായും ഏതാനും ബാണ്ടുകളായുമോ കൊടുക്കേണ്ടതാകുന്നു.

6. <u>നഷ്ടപ്രതിഫലം കൊടുപ്പാൻ കാലതാമസം വരുന്നതായാൽ ഇടക്കാല നഷ്ടപ്രതിഫലം കൊടുക്കേണ്ടതാണെന്ന്.</u>—(1) 4-ാം വകുപ്പുപ്രകാരം കൊടുക്കേണ്ടതായ നഷ്ടപ്രതിഫലം നിർണ്ണയിക്കുന്നതിലോ കൊടുക്കുന്നതിലോ കാലതാമസം വരുന്നപക്ഷം, ഗവണ്മെന്റിന്, നിർണ്ണയിക്കപ്പെടാവുന്നിടത്തോളവും, നിർണ്ണയിക്കപ്പെടാവുന്ന വിധത്തിലും, ഇടക്കാല നഷ്ടപ്രതിഫലം കൊടുക്കുന്നതിന് കല്പിക്കാവുന്നതാണ്. എന്നാൽ ഒരു ജന്മിക്കു കൊടുക്കേണ്ടതായ നഷ്ടപ്രതിഫലം നിശ്ചയിക്കപ്പെട്ട ദിവസംമുതല്ക്കു ഒരു കൊല്ലം കഴിയുന്നതിനുമുമ്പ് ഈ ആക്റ്റിലെ വ്യവസ്ഥകളനുസരിച്ചു നിശ്ചയിച്ചിട്ടില്ലെങ്കിൽ, ഗവണ്മെന്റിനു സംബന്ധപ്പെട്ട ജന്മിയുടെ അപേക്ഷയിന്മേൽ ഒരു ഇടക്കാല നഷ്ടപ്രതിഫലം കൊടുക്കുന്നതിനു കല്പിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം കൊടുക്കുന്ന ഇടക്കാലനഷ്ടപ്രതിഫലം ഈ ആക്റ്റു പ്രകാരം കൊടുക്കേണ്ടതായ നഷ്ടപ്രതിഫലത്തിന്റെ ഭാഗമായി കരുതേണ്ടതും, അതിൽനിന്നു അതു കിഴിക്കുകയും, അതിലേക്കു ശരിപ്പെടുത്തുകയും ചെയ്യേണ്ടതുമാണ്.

(3) നഷ്ടപ്രതിഫല സംഖ്യയോ അതിന്റെ ഏതാനും ഭാഗത്തിനോ ഉള്ള അവകാശത്തെ സംബന്ധിച്ചു ഒരു തർക്കമുണ്ടാകുന്നപക്ഷം, യാതൊരു ഇടക്കാല നഷ്ടപ്രതിഫലമോ ഭാഗമോ ജന്മിക്കു കൊടുക്കുവാൻ പാടുള്ളതല്ല.

7. നഷ്ടപ്രതിഫലം കൊടുക്കുന്നതു സംബന്ധിച്ചുള്ള നടപടികൾ നഷ്ടപ്രതിഫല ഉദ്യോഗസ്ഥന്റെ മുമ്പാകെ ബോധിപ്പിക്കേണ്ടതാണെന്ന്.—(4)-ാം വകുപ്പുപ്രകാരം ജന്മിക്കു കൊടുക്കേണ്ടതായ നഷ്ടപ്രതിഫലം നിർണ്ണയിക്കുന്നതിനേയും, അതിനവകാശമുള്ള ആളുകൾക്ക് അതു കൊടുക്കുന്നതിനെയും സംബന്ധിച്ചുള്ള എല്ലാ നടപടികളും, കൈവശഭൂമി ഏതു നഷ്ടപ്രതിഫല ഉദ്യോഗസ്ഥന്റെ അധികാരാതിർത്തിക്കുള്ളിൽ സ്ഥിതിചെയ്യുന്നുവോ ആ നഷ്ടപ്രതിഫല ഉദ്യോഗസ്ഥന്റെ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്.

8. ജന്മിയുടേയും കുടിയാന്റേയും അവകാശം, ഉടമാവകാശം, അവകാശബന്ധം എന്നിവ ജന്മിക്കരം രജിസ്റ്ററിൽ ശരിയായി വിവരിക്കുന്നതായി കരുതേണ്ടതാണെന്ന്.—1071-ലെ തിരുവിതാംകൂർ ജന്മി-കുടിയാൻ ആക്റ്റ പ്രകാരം തയ്യാറാക്കിയതോ പുനശ്ശോധന ചെയ്തതോ ആയതും, നിശ്ചയിക്കപ്പെട്ട ദിവസത്തിനടുത്തുമുമ്പ്, സാധുവും ഫലപ്രദവുമായതുമായ ജന്മിക്കരം രജിസ്റ്ററിലെ ഏതൊരു കുറിപ്പും ഈ ആക്റ്റ പ്രകാരം നഷ്ടപ്രതിഫലം നിർണ്ണയിച്ചുകൊടുക്കുന്നതിനായി, അതു സംബന്ധിക്കുന്ന കൈവശഭൂമിയുടെയോ അതിന്റെ ഭാഗത്തിന്റെയോ കാര്യത്തിൽ ഓരോ ജന്മിയുടെയും കുടിയാന്റെയും അവകാശത്തെയും, ഉടമാവകാശത്തെയും അവകാശബന്ധത്തെയും ശരിയായി വിവരിക്കുന്നതായി കരുതേണ്ടതാകുന്നു;

എന്നാൽ—

(എ) തിരുവിതാംകൂർ ജന്മികുടിയാൻ ആക്റ്റപ്രകാരമോ വല്ല കോടതിയുടെയും വല്ല വിധിയുടെയോ കല്പനയുടെയോ ഫലമായോ രജിസ്റ്ററിൽ വരുത്തുന്ന ഏതൊരു ഭേദഗതിയോ, മാററമോ, തിരുത്തലോ, നഷ്ടപ്രതിഫല ഉദ്യോഗസ്ഥൻ കണക്കിലെടുക്കേണ്ടതാണ്.

(ബി) വല്ല കൈത്തെറേറാ, കണക്കു സംബന്ധമായ തെറേറാ റിക്കാർഡിൽ പ്രത്യക്ഷത്തിൽ കാണുന്ന തെറേറാ, രജിസ്റ്ററിലെ ഏതെങ്കിലും കുറിപ്പിലുള്ളതായി നഷ്ടപ്രതിഫല ഉദ്യോഗസ്ഥന് ബോദ്ധ്യം വരുന്നതായാൽ, സ്വമേധയായോ, താല്പര്യമുള്ള ഏതെങ്കിലും ആളുടെ അപേക്ഷയിന്മേലോ, ആ തെറേറാ പിശകോ തിരുത്തുന്നതിൽ അദ്ദേഹത്തെ ഈ വകുപ്പിലടങ്ങിയ യാതൊന്നും തടുക്കുന്നതല്ല.

9. നഷ്ടപ്രതിഫല ഉദ്യോഗസ്ഥൻ, നഷ്ടപ്രതിഫല പട്ടികകൾ തയ്യാറാക്കേണ്ടതാണെന്ന്.—ഈ ആക്റ്റ പ്രകാരം ജന്മികൾക്കു നഷ്ടപ്രതിഫലം കൊടുക്കേണ്ട ആവശ്യത്തിനായി, നഷ്ടപ്രതിഫല ഉദ്യോഗസ്ഥൻ ഓരോ ജന്മിയുടെയും കൈവശഭൂമി സംബന്ധിച്ചുള്ള നഷ്ടപ്രതിഫല കരടുപട്ടിക നിർണ്ണയിക്കപ്പെട്ടവിധത്തിൽ തയ്യാറാക്കേണ്ടതും, അതിൽ താഴെ പറയുന്നവ കാണിക്കേണ്ടതുമാകുന്നു:—

(എ) കൈവശഭൂമിയെയോ അതിന്റെ ഭാഗത്തെയോ സംബന്ധിച്ചുള്ള ജന്മിക്കരം;

(ബി) ജന്മിക്കരം സ്വീകരിക്കുവാനവകാശമുള്ള ആളുകളുടെ പേരുകൾ;

(സി) കൈവശഭൂമിയെയോ അതിന്റെ ഭാഗത്തെയോ സംബന്ധിച്ച് ജന്മിക്കരം കൊടുക്കുവാൻ ബാദ്ധ്യസ്ഥരായ കുടിയാന്മാർ;

(ഡി) ഈ ആക്റ്റപ്രകാരം കൊടുക്കേണ്ടതായ നഷ്ടപ്രതിഫല സംഖ്യ;

(ഇ) നിർണ്ണയിക്കപ്പെടാവുന്ന മററു വിവരങ്ങൾ എന്നിവ.

10. നഷ്ടപ്രതിഫല കരടുപട്ടിക പ്രസിദ്ധപ്പെടുത്തൽ:— (1) 9-ാം വകുപ്പുപ്രകാരം നഷ്ടപ്രതിഫല കരടുപട്ടിക തയ്യാറാക്കിയതിനുശേഷം, നഷ്ടപ്രതിഫല ഉദ്യോഗസ്ഥൻ—

(എ) നഷ്ടപ്രതിഫലപട്ടിക തയ്യാറാക്കിയിട്ടുണ്ടെന്നും, അവകാശബന്ധമുള്ള ആർക്കും അതു പരിശോധിക്കുന്നതിനു സ്വാതന്ത്ര്യമുണ്ടെന്നും ഉള്ളതിലേയ്ക്കു ഗസററിലും നിർണ്ണയിക്കപ്പെടാവുന്ന മററുവിധത്തിലും ഒരു നോട്ടീസു പ്രസിദ്ധപ്പെടുത്തേണ്ടതും;

(ബി) നഷ്ടപ്രതിഫലപട്ടികയുടെ ഒരു പകർപ്പോടുകൂടി ഒരു നോട്ടീസ് സംബന്ധപ്പെട്ട ജന്മിയുടേയും കുടിയാന്റേയും മേൽ നടത്തുകയൊ നടത്തിക്കുകയൊ ചെയ്യേണ്ടതുമാകുന്നു.

(2) ഓഹരിയായൊ, സംരക്ഷണച്ചെലവായൊ അല്ലെങ്കിൽ മററു പ്രകാരത്തിലൊ അങ്ങനെയുള്ള നഷ്ടപ്രതിഫലത്തിന്റെ ഏതെങ്കിലും ഭാഗം ക്ലെയിം ചെയ്യുന്ന ജന്മിയുടെ കുടുംബത്തിലെ അംഗങ്ങളുൾപ്പെടെ അവകാശബന്ധമുള്ള എല്ലാ ആളുകളോടും നിർണ്ണയിക്കപ്പെടാവുന്ന കാലത്തിനുള്ളിൽ ഹാജരായി ആക്ഷേപങ്ങളും തെളിവുകളും ബോധിപ്പിക്കുവാൻ (1)-ാം ഉപവകുപ്പു പ്രകാരമുള്ള നോട്ടീസുമൂലം ആവശ്യപ്പെടേണ്ടതാകുന്നു.

(3) നിർണ്ണയിക്കപ്പെട്ട സമയത്തിനുള്ളിൽ ഏതെങ്കിലും ആക്ഷേപം ബോധിപ്പിച്ചിട്ടുണ്ടെങ്കിൽ, നഷ്ടപ്രതിഫലഉദ്യോഗസ്ഥൻ അതു രജിസ്റ്റർ ചെയ്യേണ്ടതും, അതിന്റെ വിചാരണയ്ക്ക് ഒരു ദിവസം നിശ്ചയിക്കേണ്ടതും, സംബന്ധപ്പെട്ട കക്ഷികൾക്കും, (2)-ാം ഉപവകുപ്പുപ്രകാരമുള്ള നോട്ടീസിനു മറുപടിയായി ഹാജരാവുമായിരുന്ന അവകാശബന്ധമുള്ള ഏതൊരാൾക്കും അതിനെപ്പററി വിവരം നല്കേണ്ടതുമാണ്.

(4) (3)-ാം ഉപവകുപ്പുപ്രകാരം ബോധിപ്പിച്ചിട്ടുള്ള ആക്ഷേപങ്ങൾ വിചാരണ ചെയ്തു തീർമാനിക്കുമ്പോൾ, പ്രയോജ്യമാകുന്നിടത്തോളം, നഷ്ടപ്രതിഫല ഉദ്യോഗസ്ഥനു ഒരു സിവിൽ കോടതിയുടെ എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കേണ്ടതും, സ്ഥാവരസ്വത്തുക്കളെ സംബന്ധിച്ചുള്ള വ്യവഹാരങ്ങൾ വിചാരണചെയ്തു തീർമാനിക്കുന്നതിനെ സംബന്ധിച്ച് 1908-ലെ സിവിൽ നടപടിനിയമത്തിൽ നിശ്ചയിച്ചിട്ടുള്ള നടപടിക്രമം, നിർണ്ണയിക്കപ്പെടാവുന്ന ഭേദഗതികൾക്കു വിധേയമായി അദ്ദേഹം അനുസരിക്കേണ്ടതുമാണ്.

11. <u>നഷ്ടപ്രതിഫല ഉദ്യോഗസ്ഥന്റെ കല്പനകൾ സിവിൽ കോടതികളുടെ വിധികളായി കരുതേണ്ടതാണെന്ന്</u>:— (1) (9)-ാം വകുപ്പുപ്രകാരം ആക്ഷേപം തീർപ്പാക്കുകയൊ നഷ്ടപ്രതിഫലം, അതിന്നവകാശമുള്ള ആളുകളുടെ ഇടയിൽ വീതിക്കുകയൊ ചെയ്യുന്നതു സംബന്ധിച്ചു നഷ്ടപ്രതിഫലഉദ്യോഗസ്ഥൻ പാസ്സാക്കുന്ന കല്പന ഒരു സിവിൽ കോടതിയുടെ വിധിയായി കരുതേണ്ടതും, അതിൽ കേസ്സിന്റെ ഒരു സംക്ഷിപ്തവിവരണം, നിർണ്ണയിക്കുന്നതിനുള്ള വാദവിഷയങ്ങൾ, അവയിന്മേലുള്ള തീർപ്പുകൾ, അങ്ങനെയുള്ള തീർപ്പിനുള്ള കാരണങ്ങൾ എന്നിവ അടങ്ങിയിരിക്കേണ്ടതുമാണ്.

(2) ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, നഷ്ടപ്രതിഫല ഉദ്യോഗസ്ഥന്റെ കല്പനമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും ആ പ്രദേശത്തു വിചാരണാധികാരമുള്ള ജില്ലാക്കോടതിയിൽ അപ്പീൽ ബോധിപ്പിക്കാവുന്നതും, അങ്ങനെയുള്ള അപ്പീലിന്മേൽ ജില്ലാക്കോടതി പാസ്സാക്കുന്ന കല്പന അവസാനത്തേതായിരിക്കുന്നതുമാകുന്നു:—

എന്നാൽ ഹൈക്കോടതിക്ക്, ജില്ലാക്കോടതി തീർപ്പാക്കിയ ഏതെങ്കിലും അപ്പീൽ സംബന്ധിച്ചു പാസ്സാക്കിയ കല്പന നിയമമനുസരിച്ചായിരുന്നുവെന്നു സ്വയം ബോദ്ധ്യംവരുത്തുന്നതിനായി കേസ്സ് വിളിപ്പിച്ച് അതുസംബന്ധിച്ച് അതിന്നു യുക്തമെന്നു തോന്നുന്ന കല്പന പാസ്സാക്കാവുന്നതാകുന്നു.

12. <u>അവസാനത്തെ നഷ്ടപ്രതിഫല പട്ടികകളിൽ ചെയ്യുന്ന തിരുത്തലുകൾ</u>.— ഈ ആക്ടിനാലോ, ആക്ട്പ്രകാരമൊ വ്യവസ്ഥചെയ്തിരിക്കുംപ്രകാരമൊഴികെ, നഷ്ടപ്രതിഫലപ്പട്ടികയിൽ അതു അവസാനത്തേതായിത്തീർന്നതിന്നുശേഷം യാതൊരു തിരുത്തും ചെയ്യാൻ പാടില്ലാത്തതാണ്. എന്നാൽ തല്ക്കാലം അധികാരമുള്ള നഷ്ടപ്രതിഫല ഉദ്യോഗസ്ഥന് നഷ്ടപ്രതിഫലം കൊടുക്കുന്നതിനുമുമ്പ് ഏതൊരു സമയത്തും ഒന്നുകിൽ സ്വമേധയായൊ അല്ലെങ്കിൽ അവകാശബന്ധമുള്ള ഒരാൾ ബോധിപ്പിക്കുന്ന ഏതെങ്കിലും അപേക്ഷയിന്മേലൊ ഏതെങ്കിലും കൈക്കുത്തെററൊ, കണക്കുസംബന്ധമായ തെററൊ അല്ലെങ്കിൽ അതിൽ അവിചാരിതമായ പിശകിൽനിന്നൊ വിട്ടുപോയതിൽനിന്നൊ ഉണ്ടായ ഏതെങ്കിലും തെററൊ തിരുത്താവുന്നതാണ്.

13. <u>നഷ്ടപ്രതിഫലം കൊടുക്കൽ</u>.— (1) ഈ ആക്ട്പ്രകാരം കൊടുക്കേണ്ട നഷ്ടപ്രതിഫലം, അതിന് അവകാശമുള്ളതായി നഷ്ടപ്രതിഫല പട്ടികയിൽ പേരുകൾ ചേർക്കപ്പെട്ടിട്ടുള്ള ആളുകൾക്ക് കൊടുക്കേണ്ടതാണ്.

(2) നഷ്ടപ്രതിഫലത്തിന് അവകാശമുള്ള ഒരാൾ, അത് അയാൾക്ക് കൊടുക്കുന്നതിനുമുമ്പ് മരിച്ചുപോകുന്നപക്ഷം, അത് ആ ആളുടെ നിയമാനുസൃത പ്രതിനിധികൾക്ക് കൊടുക്കേണ്ടതാണ്.

(3) നഷ്ടപ്രതിഫലം വാങ്ങുവാൻ അവകാശമുള്ള ആൾ ഒരു ട്രസ്റ്റോ, ദ്രവ്യസ്ഥാപനമോ, പ്രായപൂർത്തിയെത്താത്ത ആളോ, നിയമാനുസൃതമായ ഏതെങ്കിലും അവശത അനുഭവിക്കുന്ന ആളോ, ക്ലിപ്തമായ ബാദ്ധ്യതയുള്ള ഉടമസ്ഥനോ ആയിരിക്കുന്നപക്ഷം, ആ നഷ്ടപ്രതിഫലം, ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, എന്നാൽ സംസ്ഥാനഗവണ്മെന്റു നൽകാവുന്ന ഏതെങ്കിലും സാമാന്യ നിർദ്ദേശങ്ങൾക്ക് വിധേയമായും, ആ ആൾക്കോ, ആൾക്കുവേണ്ടിയും, നിർണ്ണയിക്കപ്പെടാവുന്ന അധികാരസ്ഥന്റെ അടുക്കലോ, ബാങ്കിലോ, നിക്ഷേപിക്കാവുന്നതാണ്.

(4) ഈ ആക്റ്റുപ്രകാരം കൊടുക്കേണ്ട നഷ്ടപ്രതിഫലം മുഴുവനായോ, ഭാഗികമായോ ലഭിക്കാൻ ഏതെങ്കിലും ആൾക്കുള്ള അവകാശത്തെ നേരിട്ടോ, നേരിട്ടല്ലാതെയോ ബാധിക്കുന്നതോ, അല്ലെങ്കിൽ ബാധിക്കാൻ ഇടയുള്ളതോ ആയ ഏതെങ്കിലും വ്യവഹാരമോ, നടപടിയോ, ഏതെങ്കിലും കോടതിയുടെയോ, അധികാരസ്ഥന്റെയോ മുമ്പാകെ തീർപ്പാകാതെ കിടപ്പുള്ളപക്ഷം, ആ കോടതിയോ, അധികാരസ്ഥനോ നഷ്ടപ്രതിഫല ഉദ്യോഗസ്ഥനോട് അങ്ങിനെ കൊടുക്കേണ്ട സംഖ്യ തങ്ങളുടെ അധീനത്തിൽ വയ്ക്കാൻ ആവശ്യപ്പെടാവുന്നതും, അങ്ങനെ ചെയ്താൽ, അങ്ങിനെയുള്ള കോടതിയുടെയോ, അധികാരസ്ഥന്റെയോ കല്പനകൾ അനുസരിച്ച് ആ തുക കൈയൊഴിക്കേണ്ടതുമാണ്.

14. <u>നഷ്ടപ്രതിഫലം കൊടുക്കുന്നത് ജന്മികരം കൊടുക്കാനുള്ള ബാദ്ധ്യതയിൽനിന്നും ഉള്ള പൂർണ്ണമായ മോചനം ആയിരിക്കുന്നതാണെന്ന്.</u>—(1) നഷ്ടപ്രതിഫലം ജന്മികൾക്കോ, അതിനു അവകാശമുള്ള മററു ആളുകൾക്കോ ഈ ആക്റ്റുമൂലമോ, ആക്റ്റുപ്രകാരമോ നിർണ്ണയിക്കപ്പെട്ടവിധത്തിൽ കൊടുക്കുന്നത് ജന്മികരം കൊടുക്കുവാനുള്ള ബാദ്ധ്യതയിൽനിന്നും ഉള്ള പൂർണ്ണമായ മോചനമായിരിക്കേണ്ടതും ജന്മികരത്തിനോ നഷ്ടപ്രതിഫലം കൊടുക്കുന്നതിനോ മേലാൽ യാതൊരു തേർച്ചകളും ഉണ്ടായിരിക്കാൻ പാടില്ലാത്തതുമാകുന്നു.

(2) ഈ ആക്റ്റ് നടപ്പിൽവരുന്നതിനു തൊട്ടുമുമ്പു ജന്മിക്കു കൊടുക്കേണ്ടിയിരുന്നതും, അങ്ങനെ നടപ്പിൽ വന്നതിനുശേഷം കൊടുക്കാതെ കിടപ്പുള്ളതുമായ ഏതൊരു ജന്മിക്കരക്കുടിശ്ശികയും ഈ ആക്റ്റിൽ വിപരീതമായി എന്തുതന്നെ അടങ്ങിയിരുന്നാൽകൂടി, ജന്മിക്കോ ജന്മിയുടെ ആവശ്യാർത്ഥമോ, ഈ ആക്റ്റ് നടപ്പിൽ വരുന്നതിനു മുമ്പുണ്ടായിരുന്ന പ്രകാരമുള്ള അതേവിധത്തിൽ വസൂലാക്കാവുന്നതാണ്.

<u>3-ാം അദ്ധ്യായം.</u>

15. <u>ജന്മികൾക്ക് കൊടുക്കുന്ന നഷ്ടപ്രതിഫല സംഖ്യകൾ കുടിയാന്മാരിൽനിന്ന് വസൂലാക്കൽ</u> — കുടിയാൻ ജന്മിക്ക് ജന്മികരം കൊടുക്കേണ്ട ബാദ്ധ്യത ഗവണ്മെന്റ് ഇല്ലാതാക്കുന്നതിന്റെയും അയാളുടെ കൈവശഭൂമിയെ സംബന്ധിച്ച് പൂർണ്ണമായ ഉടമസ്ഥതാവകാശം അയാൾക്കു നൽകുന്നതിന്റെയും നഷ്ടപ്രതിഫലത്തിലേക്കായി, അയാൾ തന്റെ ജന്മിക്കു കൊടുക്കേണ്ട ജന്മികരത്തിന്റെ 8 1/3 ഇരട്ടി കണ്ടു കണക്കാക്കിയ ഒരു സംഖ്യ ഗവണ്മെന്റിനു ഓരോ കുടിയാന്റെയും പക്കൽനിന്നു പിരിക്കുവാൻ അവകാശമുണ്ടായിരിക്കേണ്ടതും ഓരോ കുടിയാനും ആ ഗവണ്മെന്റിന് കൊടുക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കേണ്ടതും ആകുന്നു. ഒരു കുടിയാന്റെ പക്കൽനിന്നു വസൂലാക്കേണ്ട നഷ്ടപ്രതിഫലം, ഗവണ്മെന്റിനു കൊടുക്കേണ്ട ഏതെങ്കിലും നികുതിയുടെയോ, വരിയുടെയോ മുൻഗണനാവകാശത്തിനുമാത്രം വിധേയമായി, കൈവശഭൂമിയിന്മേലുള്ള ആദ്യത്തെ കടം ആയിരിക്കേണ്ടതും ഇതിനുശേഷം വ്യവസ്ഥ ചെയ്തിട്ടുള്ള വിധത്തിൽ കുടിയാനിൽനിന്ന് അതു വസൂലാക്കേണ്ടതുമാകുന്നു.

16. നഷ്ടപ്രതിഫലം പതിനാറു ഗഡുവുകളായി വസൂലാക്കാവുന്നതാണെന്ന്.—ഈ ആക്ററുപ്രകാരം ഗവണ്മെൻറ് കൊടുക്കുന്ന നഷ്ടപ്രതിഫലം, പ്രതിവർഷം 5 ശതമാനം പലിശയോടുകൂടിയ പതിനാറു തുല്യവർഷാർദ്ധ ഗഡുവുകളായി കുടിയാൻ ഗവണ്മെൻറിനു കൊടുപ്പാൻ ബാദ്ധ്യസ്ഥനായിരിക്കേണ്ടതും, ആദ്യത്തെ ഗഡുവ് ഗവണ്മെൻറ് പരസ്യപ്പെടുത്താവുന്ന തീയതിമുതല്ക്കു ആരംഭിക്കേണ്ടതുമാണ്. എന്നാൽ, ഒരു കുടിയാൻ ഏതെങ്കിലും പ്രാവശ്യം ഒരു ഗഡുവിന്റെ തുകയെക്കാൾ കൂടുതൽ സംഖ്യ കൊടുക്കുന്നതിനോ, അല്ലെങ്കിൽ കൊടുക്കേണ്ട തുക മുഴുവനും ഒരു ഗഡുവായി കൊടുക്കുന്നതിനോ ഈ വകുപ്പിലുള്ള യാതൊന്നും തടസ്ഥമായിരിക്കുന്നതായി കരുതാൻ പാടില്ലാത്തതാകുന്നു. ഏതെങ്കിലും ഗഡുവിന്റെ തുകയെക്കാൾ കൂടുതലായ ഏതെങ്കിലും സംഖ്യ കൊടുക്കുന്നപക്ഷം, ആകെ കൊടുക്കേണ്ട സംഖ്യയിൽനിന്നും അതു കുറച്ചതായി വരവുപിടിക്കേണ്ടതും ആവശ്യമുണ്ടെങ്കിൽ ഭാവി ഗഡുവുകളുടെ എണ്ണം കുറയ്ക്കേണ്ടതും ആണ്. എന്നാൽ, പിന്നീടുള്ള ഗഡുവു നീട്ടിവയ്ക്കാൻ അനുവദിക്കുകയാകട്ടെ, കൊടുക്കേണ്ട ബാക്കി സംഖ്യ ശരിപ്പെടുത്തുന്നതിനു പിന്നീടുള്ള ഗഡുവുകളുടെ സംഖ്യകളിൽ മാററം വരുത്തേണ്ട ആവശ്യമുള്ളപക്ഷം, അവസാനത്തെ ഗഡുവിലല്ലാതെ അങ്ങനെ മാററം വരുത്തുവാൻ സമ്മതിക്കുകയാകട്ടെ ചെയ്യാൻ പാടില്ലാത്തതാകുന്നു. ആദ്യത്തെ ഗഡുവ് കൊടുക്കേണ്ട തീയതിക്കുതന്നെ ഒരു കുടിയാൻ കൊടുക്കേണ്ട സംഖ്യ മുഴുവനും മൊത്തത്തുകയായി കൊടുക്കുന്നപക്ഷം, അങ്ങനെ കൊടുക്കുന്ന തുകയുടെ 5 ശതമാനം കുറവ് ആ ആൾക്ക് അനുവദിക്കേണ്ടതാണ്.

17. നഷ്ടപ്രതിഫലം ഏററവും അടുത്തുള്ള ഖജനാവിൽ അടയ്ക്കൽ.—16-ാം വകുപ്പുപ്രകാരം കൊടുക്കേണ്ട എല്ലാ സംഖ്യകളും ഗവണ്മെൻറിന്റെ പേരിൽ, വരവായി ഏററവും അടുത്തുള്ള ഖജനാവിലോ, അല്ലെങ്കിൽ ഗവണ്മെൻറ് നിർണ്ണയിക്കാവുന്ന മററു സ്ഥലത്തും വിധത്തിലുമോ അടയ്ക്കേണ്ടതാണ്.

18. ഗവണ്മെൻറിന് വിട്ടു മാപ്പാക്കാവുന്നതാണെന്ന്.—ഗസററിൽ പരസ്യപ്പെടുത്തുന്ന ഒരു സാമാന്യമോ, പ്രത്യേകമോ ആയ കല്പനമൂലം ഗവണ്മെൻറിനു മതിയായ കാരണങ്ങളാൽ ഏതെങ്കിലും ഗഡുവ് കൊടുക്കുന്നതു നീട്ടിക്കൊടുക്കുകയോ, വിട്ടു മാപ്പാക്കുകയോ ചെയ്യാവുന്നതാണ്.

19. കൈവശഭൂമി വിഭജിക്കുകയോ, കൈമാററം ചെയ്യുകയോ ചെയ്യുന്ന സംഗതികളിൽ നഷ്ടപ്രതിഫലം തിരിച്ചുകൊടുക്കുന്നതിന് കുടിയാനുള്ള തുടർച്ചയായ ബാദ്ധ്യത.—ഒരു കുടിയാൻ ഒരു കൈവശഭൂമി വിഭജിക്കുകയോ, വില്പനമൂലമോ, ദാനംമൂലമോ, മററു ഏതെങ്കിലും വിധത്തിലോ കൈമാററം ചെയ്യുകയോ ചെയ്തിട്ടുള്ള പക്ഷം, അങ്ങനെയുള്ള വിഭജനമോ, കൈമാററമോ, കളക്ടറുടെയോ, ഈ ആവശ്യാർത്ഥം അധികാരപ്പെടുത്തിയിട്ടുള്ള മററു ഉദ്യോഗസ്ഥന്റെയോ അനുവാദത്തോടുകൂടി നടത്തുകയും വിഭജനത്തിനോ, കൈമാററത്തിനോ അനുസൃതമായി നികുതി സംബന്ധിച്ച റിക്കാർഡുകളിൽ അവരവരുടെ ബാദ്ധ്യതകൾ നിശ്ചയിച്ചുകൊണ്ട് ആവശ്യമായ കുറിപ്പുകൾ ചേർക്കുകയും ചെയ്തിട്ടില്ലാതിരുന്നാൽ, ഗവണ്മെൻറിനു കൊടുക്കേണ്ട നഷ്ടപ്രതിഫലം കൊടുക്കുന്നതിനു അയാൾ തുടർന്നു ബാദ്ധ്യസ്ഥനായിരിക്കേണ്ടതാണ്. എന്നാൽ ഈ വകുപ്പിലുള്ള യാതൊന്നും, കക്ഷികൾ തമ്മിലുള്ള തേർച്ചകൾ അവർ തമ്മിൽത്തന്നെ തീർപ്പാക്കുന്നതിന്നായി അവരെ വിട്ടുകൊണ്ട്, കൈവശഭൂമി മുഴുവനുമെതിരായി നടപടിയെടുക്കുന്നതിനും, ഗവണ്മെൻറിനു കിട്ടേണ്ടതായ സംഖ്യകൾ വസൂലാക്കുന്നതിനും ഗവണ്മെൻറിനെ തടുക്കുന്നതല്ല.

20. ഭൂനികുതി വസൂൽ ആക്ററുപ്രകാരം നഷ്ടപ്രതിഫലം വസൂലാക്കാവുന്നതാണെന്ന്.—നഷ്ടപ്രതിഫല സംഖ്യയുടെ കുടിശ്ശികയെന്ന നിലയിലോ, മററു വിധത്തിലോ ഗവണ്മെൻറിനു കൊടുക്കേണ്ട ഏതൊരു സംഖ്യയും, അതു ഗവണ്മെൻറിനു കൊടുക്കേണ്ട പൊതു നികുതിക്കുടിശ്ശിക ആയിരുന്നാലെന്നപോലെ, 1951-ലെ തിരുവിതാംകൂർ-കൊച്ചി നികുതി വസൂൽ ആക്ററിലെ (1951-ലെ 7-ാം ആക്ററ്) വ്യവസ്ഥകൾ പ്രകാരം വസൂലാക്കാവുന്നതാണ്.

4-ാം അദ്ധ്യായം.

പലവക.

21. നഷ്ടപ്രതിഫല ഉദ്യോഗസ്ഥൻ.—ഈ ആക്റ്റ പ്രകാരം കൊടുക്കേണ്ട നഷ്ടപ്രതിഫലം നിർണ്ണയിക്കുന്നതിന്റെയും കുടിയാന്മാർ ഗവണ്മെന്റിനു കൊടുക്കേണ്ട സംഖ്യകൾ തീർച്ചപ്പെടുത്തുന്നതിന്റെയും ആവശ്യത്തിനായി ഗവണ്മെന്റ് നഷ്ടപ്രതിഫല ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതാണ്.

22. നഷ്ടപ്രതിഫല ഉദ്യോഗസ്ഥൻ ഒരു ഗവണ്മെന്റുദ്യോഗസ്ഥനാണെന്ന്.—(1) 21-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന നഷ്ടപ്രതിഫല ഉദ്യോഗസ്ഥന്മാർ ഇൻഡ്യൻ ശിക്ഷാനിയമം 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ ഗവണ്മെന്റുദ്യോഗസ്ഥന്മാരായി കരുതപ്പെടേണ്ടതാണ്.

(2) 1908-ലെ സിവിൽ നടപടി നിയമപ്രകാരം ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും താഴെ പറയുന്ന സംഗതികളെ സംബന്ധിച്ച് നഷ്ടപ്രതിഫല ഉദ്യോഗസ്ഥന് ഉണ്ടായിരിക്കുന്നതാണ്.

(എ) ഏതെങ്കിലും ആളെ ഹാജരാകുന്നതിന് സമൺ അയക്കുകയും ഹാജരാകണമെന്ന് നിർബന്ധിക്കയും സത്യവാചകത്തിന്മേൽ ആ ആളെ വിസ്തരിക്കുകയും ചെയ്യുക;

(ബി) ഏതെങ്കിലും രേഖ കണ്ടുപിടിച്ചു ഹാജരാക്കുന്നതിന് ആവശ്യപ്പെടുക;

(സി) സത്യവാങ്മൂല രേഖയിന്മേൽ തെളിവു സ്വീകരിക്കുക;

(ഡി) ഏതെങ്കിലും കോടതിയിൽ നിന്നോ, ആഫീസിൽ നിന്നോ ഏതെങ്കിലും പൊതുരേഖയോ, അതിന്റെ ഒരു പകർപ്പോ ആവശ്യപ്പെടുക;

23. ഗവണ്മെന്റിന്റെയോ ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ പേരിൽ യാതൊരു നടപടിയും ഉണ്ടായിരിക്കുന്നതല്ലെന്ന്.—(1) ഈ ആക്റ്റ് പ്രകാരം ചെയ്തതോ, ചെയ്വാൻ ഉദ്ദേശിച്ചിരിക്കുന്നതോ ആയ യാതൊരു പ്രവൃത്തിക്കും ഗവണ്മെന്റിന്റെ പേരിൽ യാതൊരു വ്യവഹാരമോ, നിയമാനുസൃതമായ മററു നടപടികളോ ഉണ്ടായിരിക്കുന്നതല്ല.

(2) ഈ ആക്റ്റ് പ്രകാരമോ, അതുപ്രകാരം ഉണ്ടാക്കിയ ചട്ടങ്ങൾ പ്രകാരമോ, ഉത്തമ വിശ്വാസ്യമായി ചെയ്തതോ, ചെയ്വാൻ ഉദ്ദേശിച്ചിരിക്കുന്നതോ ആയ യാതൊന്നു സംബന്ധിച്ചും ഈ ആക്റ്റ് പ്രകാരം ക്രമമായി അധികാരപ്പെടുത്തപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ ആളുടെയോ പേരിൽ യാതൊരു വ്യവഹാരമാകട്ടെ, ശിക്ഷാ നടപടിയാകട്ടെ അല്ലെങ്കിൽ മററു നിയമാനുസൃത നടപടികളാകട്ടെ ബോധിപ്പിക്കാൻ പാടില്ലാത്തതാകുന്നു.

24 ചട്ടങ്ങൾ.—(1). ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രാബല്യത്തിൽ വരുത്തുന്നതിന്റെ ആവശ്യത്തിനായി ഗവണ്മെന്റിന് ഗസററിൽ പരസ്യം മൂലം ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചു മേല്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്കു ഭംഗം കൂടാതെയും, അങ്ങനെയുള്ള ചട്ടങ്ങൾ മൂലം—

(എ) നഷ്ടപ്രതിഫലം പണമായും ബോണ്ടുകളായും ഏതു അനുപാതത്തിൽ കൊടുക്കാമോ ആ അനുപാതവും,

(ബി) ഇടക്കാലനഷ്ടപ്രതിഫലം കൊടുക്കുന്നതിന്റെ വ്യാപ്തിയും വിധവും;

(സി) നഷ്ടപ്രതിഫല പട്ടിക തയ്യാറാക്കേണ്ട വിധവും;

(ഡി) നഷ്ടപ്രതിഫലപ്പട്ടികയെ സംബന്ധിച്ച നോട്ടീസിന്മേൽ ആക്ഷേപങ്ങൾ ബോധിപ്പിക്കേണ്ട സമയവും;

(ഇ) 11-ാം വകുപ്പ് (2)-ാം ഉപവകുപ്പു പ്രകാരമുള്ള അപ്പീൽ മെമ്മോറാണ്ടത്തിന്മേൽ കൊടുക്കേണ്ട ഫീസും;

(എഫ്) 13-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം ഏതു അധികാരസ്ഥന്റെ അടുക്കലോ ഏതു ബാങ്കിലോ പണം നിക്ഷേപിക്കാമോ ആ അധികാരസ്ഥനും അഥവാ ബാങ്കും;

(ജി) കുടിയാൻ നഷ്ടപ്രതിഫലത്തിന്റെ ആദ്യത്തെ ഗഡുവ് ഏതു തീയതി മുതൽ കൊടുക്കാൻ തുടങ്ങേണമോ ആ തീയതിയും ;

(എച്ച്) കുടിയാൻ നഷ്ടപ്രതിഫല സംഖ്യ കൊടുക്കേണ്ട സ്ഥലങ്ങളും ;

(ഐ) ചട്ടങ്ങൾ മൂലം നിർണ്ണയിക്കുന്നതിന് സ്പഷ്ടമായി ആവശ്യപ്പെട്ടിട്ടുള്ളതോ സമ്മതിച്ചിട്ടുള്ളതോ ആയ എല്ലാ സംഗതികളും ;

സംബന്ധിച്ചു വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് ഈ വകുപ്പുമൂലം നൽകപ്പെട്ടിരിക്കുന്ന അധികാരം, മുൻകൂട്ടി പ്രസിദ്ധപ്പെടുത്തണമെന്നുള്ള വ്യവസ്ഥയ്ക്കു വിധേയമാണ്.

(4) ഈ ആക്ട് പ്രകാരം ഉണ്ടാക്കപ്പെടുന്ന എല്ലാ ചട്ടങ്ങളും ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതും, ഈ ആക്ടിൽ നിയമമാക്കിയിരുന്നാലെന്നപോലെ അവയ്ക്കു പ്രാബല്യമുണ്ടായിരിക്കേണ്ടതുമാണ്.

25. വൈഷമ്യങ്ങൾ. ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിൽ വല്ല വൈഷമ്യവും ഉണ്ടാകുന്ന പക്ഷം, ഗവണ്മെന്റിന്, ആ വൈഷമ്യം നീക്കുന്നതിനു ആവശ്യമെന്നു തോന്നുന്ന ഏതു കാര്യവും സന്ദർഭമനുസരിച്ച് കല്പനമൂലം ചെയ്യാവുന്നതാണ്.

26. 1071-ലെ തിരുവിതാംകൂർ ജന്മി-കുടിയാൻ ആക്ററ് ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

എന്നാൽ അങ്ങനെയുള്ള റദ്ദാക്കൽ—

(എ) റദ്ദാക്കൽ പ്രാബല്യത്തിൽ വരുന്ന സമയത്ത് നടപ്പിലില്ലാത്തതോ, നിലവിലില്ലാത്തതോ ആയ യാതൊന്നിനേയും പുനർജ്ജീവിപ്പിക്കുകയോ,

(ബി) അങ്ങനെ റദ്ദാക്കപ്പെട്ട നിയമത്തിന്റെ മുമ്പിലത്തെ പ്രവർത്തനത്തെയോ, അതുപ്രകാരം ചെയ്യപ്പെട്ടതോ, അനുവദിക്കപ്പെട്ടതോ ആയ യാതൊന്നിനെയോ, ബാധിക്കുകയോ,

(സി) അങ്ങനെ റദ്ദാക്കപ്പെട്ട നിയമപ്രകാരമുള്ള അങ്ങനെയുള്ള ഏതെങ്കിലും അവകാശത്തെയോ, പ്രത്യേകാവകാശത്തെയോ, കടമയേയോ, ബാദ്ധ്യതയേയോ സംബന്ധിച്ച ഏതെങ്കിലും അന്വേഷണത്തെയോ, നിയമാനുസൃത നടപടികളെയോ, നിവൃത്തിമാർഗ്ഗത്തെയോ ബാധിക്കുകയോ ചെയ്യാൻ പാടില്ലാത്തതും അങ്ങനെയുള്ള ഏതെങ്കിലും അന്വേഷണമോ, നിയമാനുസൃത നടപടികളോ, നിവൃത്തിമാർഗ്ഗമോ മേല്പറഞ്ഞ നിയമം റദ്ദാക്കിയിട്ടില്ലാതിരുന്നാലെന്നപോലെ ബോധിപ്പിക്കുകയോ, തുടരുകയോ, നടപ്പാക്കുകയോ ചെയ്യാവുന്നതുമാണ്.

പട്ടിക.

(4-ാം വകുപ്പു നോക്കുക.)

ഒരു ജന്മിക്കു കൊടുക്കേണ്ട ജന്മികരത്തിന്റെ തുക	ജന്മിക്കു കൊടുക്കേണ്ട നഷ്ടപ്രതിഫലം
(എ) 500 രൂപയും അതിൽ താഴെയും	ജന്മികരത്തിൽ നിന്നു പിരിവു ചെലവുകൾ കുറച്ചാൽ കിട്ടുന്നതിന്റെ 12 ഇരട്ടി.
(ബി) 500 രൂപയിൽ കൂടുതലും എന്നാൽ 1,000, രൂപയിൽ കവിയാതെയും	ജന്മികരത്തിൽ നിന്നു പിരിവു ചെലവുകൾ കുറച്ചാൽ കിട്ടുന്നതിന്റെ 9 ഇരട്ടി എന്നാൽ (എ) എന്ന ഇനപ്രകാരം കൊടുക്കേണ്ട പരമാവധി സംഖ്യയേക്കാൾ കുറയാതെയുള്ള ഏററവും കുറഞ്ഞ സംഖ്യയ്ക്കു ഇതു വിധേയമാണ്.

(സി) 1,000 രൂപയിൽ കൂടുതലും, എന്നാൽ, 3,000 രൂപയിൽ കവിയാതെയും	ജന്മിക്കരത്തിൽ നിന്ന് പിരിവു ചെലവുകൾ കുറച്ചാൽ കിട്ടുന്നതിന്റെ 7 ഇരട്ടി. എന്നാൽ (ബി) എന്ന ഇനപ്രകാരം കൊടുക്കേണ്ട പരമാവധി സംഖ്യയെക്കാൾ കുറയാതെയുള്ള ഏറ്റവും കുറഞ്ഞ സംഖ്യയ്ക്ക് ഇതു വിധേയമാണ്.
(ഡി) 3,000 രൂപയിൽ കൂടുതലും എന്നാൽ 7,000 രൂപയിൽ കവിയാതെയും	ജന്മിക്കരത്തിൽ നിന്ന് പിരിവു ചെലവുകൾ കുറച്ചാൽ കിട്ടുന്നതിന്റെ 5 ഇരട്ടി. എന്നാൽ (സി) എന്ന ഇനപ്രകാരം കൊടുക്കേണ്ട പരമാവധി സംഖ്യയെക്കാൾ കുറയാതെയുള്ള ഏറ്റവും കുറഞ്ഞ സംഖ്യയ്ക്ക് ഇതു വിധേയമാണ്.
(ഇ) 7,000 രൂപയിൽ കൂടുതൽ	ജന്മിക്കരത്തിൽ നിന്ന് പിരിവു ചെലവുകൾ കുറച്ചാൽ കിട്ടുന്നതിന്റെ 4 ഇരട്ടി. എന്നാൽ (ഡി) എന്ന ഇനപ്രകാരം കൊടുക്കേണ്ട പരമാവധി സംഖ്യയെക്കാൾ കുറയാതെയുള്ള ഏറ്റവും കുറഞ്ഞ സംഖ്യയ്ക്ക് ഇത് വിധേയമാണ്.

ഉദ്ദേശകാരണങ്ങളുടെ വിവരണം.

1071-ലെ തിരുവിതാംകൂർ ജന്മി-കുടിയാൻ ആക്ട് പ്രകാരം തിരുവിതാംകൂർ പ്രദേശത്തെ ജന്മികൾക്ക്, ആ ആക്ട് പ്രകാരം നിശ്ചയിച്ച പ്രകാരമുള്ള ജന്മിക്കരം [illegible] ചെയ്യുന്നതിന് അവകാശമുണ്ട്. ജന്മിക്കരം നിർത്തൽ ചെയ്യുകയും കുടിയാന്മാരെ അവർ കൈവശം വച്ചിരിക്കുന്ന ഭൂമികളുടെ പൂർണ്ണ ഉടമാവകാശികളാക്കുകയും ചെയ്യണമെന്ന് ഉദ്ദേശിച്ചിരിക്കുന്നു. പട്ടികയിൽ പറഞ്ഞ തോതിന്നനുസരണമായി കണക്കാക്കിയ ഒരു സംഖ്യ നഷ്ടപ്രതിഫലമായി ഗവൺമെന്റ് ജന്മികൾക്ക് കൊടുക്കുന്നതാണ്. ഇത് പണമായോ, ബാണ്ടുകളായോ കൊടുക്കുന്നതാണ്. കുടിയാന്മാർ കൊടുക്കേണ്ട ജന്മിക്കരത്തിന്റെ 8 1/3 ഇരട്ടിക്കു തുല്യമായ ഒരു സംഖ്യ നഷ്ടപ്രതിഫലവും പിരിവു ചെലവുകളും ഈടാക്കുന്നതിനുവേണ്ടി പ്രതിവർഷം 5 ശതമാനം പലിശയോടുകൂടി 16 വർഷാർദ്ധ ഗഡുക്കളായി ഗവൺമെന്റ് വസൂലാക്കുന്നതാണ്. മേൽപ്പറഞ്ഞ ആവശ്യത്തിനുദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ് ഈ ബിൽ.

കെ. ആർ. ഗൌരി.

ധനകാര്യ മെമ്മോറാണ്ടം.

നിർണ്ണയിക്കപ്പെടാവുന്ന വിധത്തിൽ രൊക്കം പണമായോ, പ്രതിവർഷം 4 ശതമാനം പലിശയുള്ളതും ബാണ്ടുകൾ കൊടുക്കുന്ന തീയതി മുതല്ക്ക് 6 വർഷം കഴിഞ്ഞാൽ വിമോചനാർഹമാവുന്നതുമായ ഗവൺമെന്റ് ബാണ്ടുകളായോ അല്ലെങ്കിൽ ഭാഗികമായി പണമായും ഭാഗികമായി ബാണ്ടുകളായുമോ ജന്മികൾക്ക് ഗവൺമെന്റ് നഷ്ടപ്രതിഫലം കൊടുക്കുന്നതിനു ബില്ലിലെ 5-ാം ഖണ്ഡംമൂലം ഉദ്ദേശിക്കുന്നു. നഷ്ടപ്രതിഫലവും അത് വസൂലാക്കുന്നതിനുള്ള ചെലവുകളും നിമിത്തം ഗവൺമെന്റിന് ഏകദേശം 82 ലക്ഷം രൂപയുടെ പ്രാരംഭബാദ്ധ്യത വഹിക്കേണ്ടിവരുന്നതാണ്. ഈ സംഖ്യ ബില്ലിലെ 15-ാം ഖണ്ഡപ്രകാരം കുടിയാന്മാരിൽ നിന്ന് വസൂലാക്കുവാനുദ്ദേശിച്ചിരിക്കുന്നു.

കെ. ആർ. ഗൌരി.

(A True translation)

C. H. Kunhi Raman,
For Head Translator to Government.

G. 4045